**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5685** **13-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഫിഷറീസ് നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri Saji Cherian** (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ലക്ഷ്യമിട്ടാണ് നിലവിലെ സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന മത്സ്യമേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോത്പാദനം വർദ്ധിപ്പിക്കുക, മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർഷ കരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ വരുമാനത്തിന് തുല്യമായി ഉയർത്തിക്കൊണ്ടു വരിക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായാണ് നിലവിലെ സംസ്ഥാന ഫിഷറീസ് നയം 2019 രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന ഫിഷറീസ് നയത്തിൽ കാലികമായ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ മത്സ്യബന്ധന നയം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനാവകാശം മത്സ്യത്തൊഴി ലാളികൾക്ക്, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോത്പാദനത്തിൽ സ്വയം പര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ഊന്നിക്കൊണ്ട് ഒരു കരട് നയത്തിന് രൂപം നൽകുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | പുതിയ നയത്തിന്റെ കരട് രൂപീകരണത്തിന് എന്തൊക്കെ വിഷയങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പുതിയ നയത്തിന്റെ കരട് രൂപീകരണത്തിന് പരിഗണിക്കുന്ന വിഷയങ്ങൾ താഴെ ചേർക്കുന്നു. 1. സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസനം. 2. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസനം. 3. സമുദ്ര ഉൾനാടൻ വിഭവങ്ങളുടെ പങ്കാളിത്ത സംരക്ഷണവും പരിപാലനവും. 4. ഉത്പാദനത്തിലും മത്സ്യബന്ധന/മത്സ്യ |

| | | | |
|---|---|---|---|
| | | | കൃഷിയിലുമുള്ള സാങ്കേതിക വിദ്യയുടെ ഇടപെടൽ മൂലം മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും വൈദഗ്ദ്ധ്യവും വരുമാനവും വർദ്ധിപ്പിക്കൽ. 5. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, വിദ്യാഭ്യാസം, പരിശീലനം. 6. മത്സ്യകൃഷി വികസനം, ജലവിഭവങ്ങളുടെ കൃത്യമായ ഉപയോഗം, മത്സ്യ ഇനങ്ങളുടെ വൈവിധ്യവത്ക്കരണം, സംയോജിത മത്സ്യ കൃഷി, പരിസ്ഥിതി സൗഹൃദ മത്സ്യകൃഷി രീതി, നാടൻ മത്സ്യഇനങ്ങളുടെ ഉപയോഗം, അലങ്കാര മത്സ്യം, രോഗങ്ങളെ തടയലും നിരീക്ഷണവും, നൂതന സാങ്കേതിക വിദ്യകൾ, മത്സ്യകൃഷിയിലെ പങ്കാളിത്ത ഇടപെടലുകൾ. 7.വിപണനം, വാല്യൂ അഡിഷൻ, മത്സ്യങ്ങളുടെയും മത്സ്യ ഉത്പന്നങ്ങളുടെയും ഉണ നിലവാരം ഉറപ്പിക്കൽ. 8. സമുദ്ര, ഉൾനാടൻ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം. 9.തീരദേശ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം. 10. മത്സ്യ - തീരദേശ ടൂറിസവും അതിന്റെ വികസനത്തിനുള്ള സാധ്യതകളും. 11. ഇതര ഉപജീവനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും. 12. സ്ത്രീ ശാക്തീകരണം. 13. ദുരന്ത നിവാരണം. 14 ഫിഷറീസ് സഹകരണ മേഖലയെ ശക്തിപ്പെടുത്തുക. 15. ഫിഷറീസ് മേഖലയിലെ നിയമവും നിയന്ത്രണങ്ങളും. |

സെക്ഷൻ ഓഫീസർ